പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2219

08.03.2017 - ൽ മറുപടിക്ക്

## നോട്ട് നിരോധനം

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നോട്ട് നിരോധനം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ മേഖലയിലുണ്ടായ മാന്ദ്യത്തിന് പരിഹാരമുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം മൂലം പ്രതിസന്ധിയിലായ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 03.12.2016-ലെ സഹകരണ (ബി) വകുപ്പിന്റെ സ.ഉ(കൈ)നം.48/2016/സഹ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 46/16 നമ്പർ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു.<br>പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/-രൂപയോ റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് |

| | | | |
|---|---|---|---|
| | | | പിൻവലിക്കാവുന്നതും, ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിനും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും, പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിക്കുന്നതിനും ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടി വരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണെന്നും ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി.<br>സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ സംഘടിപ്പിച്ചു.<br>സഹകാരികളും ജീവനക്കാരും ചേർന്ന് ഭവന സന്ദർശനം നടത്തി.<br>കേന്ദ്രസർക്കാർ, റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവരുമായി നിരന്തരമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ഈ രംഗത്തെ മാന്ദ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സഹകരണ ബാങ്കുകളോടുള്ള വിവേചനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. |
| (ബി) | സാമ്പത്തിക മേഖലയിലുണ്ടായ തകർച്ചയുടെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടതു മൂലം വായ്പാകുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന താഴ്ന്ന വരുമാനക്കാർക്ക് പലിശയിളവ്, പിഴപ്പലിശ ഒഴിവാക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | സഹകരണ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017 പ്രകാരം കുടിശ്ശിക നിവാരണത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | മാരക രോഗങ്ങൾ പിടിപെട്ട് മരണപ്പെട്ടവരുടെ ലോൺ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | ക്യാൻസർ ബാധിതർ, വൃക്ക സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ക്ഷയ രോഗം ബാധിച്ചവർ എന്നിവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ മുതൽ ഇനത്തിലുള്ള 75,000/-രൂപ എഴുതിതള്ളുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്. വായ്പക്കാരൻ വായ്പ എടുക്കുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരമുള്ള വിഹിതം ബാങ്കിൽ ഒടുക്കണം. ആനുകൂല്യം ലഭിയ്ക്കുന്നതിന് ചികിൽസാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും സഹിതമുള്ള അപേക്ഷ അതാത് ബാങ്കുകൾ ഈ പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നൽകണം. |

സെക്ഷൻ ഓഫീസർ